# പൊതുജന അറിയിപ്പ്

സംസ്ഥാന ഭാഗ്യക്കുറി നറുക്കെടുപ്പ് അടിസ്ഥാനമാക്കി സമ്മാനാർഹമായ നമ്പറുകൾ മുൻകൂർ പ്രവചിക്കാൻ സോഷ്യൽ മീഡിയവഴിയും നേരിട്ടും അവസരമൊരുക്കി നമ്പറുകൾ എഴുതിനൽകുന്ന നിയമവിരുദ്ധ എഴുത്തുലോട്ടറി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്നതായി വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.വിപണിയിൽ കോവിഡ് സൃഷ്ടിച്ച ആഘാതത്തിൽ നിന്ന് ക്രമേണ മുക്തമായി വരുന്ന ഈ മേഖലയിൽ എഴുത്തു ലോട്ടറി വ്യാപകമാകുന്നതിലൂടെ ഭാഗ്യക്കുറി വിറ്റ് ഉപജീവനം നടത്തുന്ന സാധുക്കളായ ലോട്ടറി തൊഴിലാളികളുടെ ഉപജീവന മാർഗത്തെ നഷ്ടമാക്കുകയാണ്. ലോട്ടറി റെഗുലേഷൻ ആക്ട് 1998 സെക്ഷൻ 4(a) പ്രകാരം മുൻകൂട്ടി പ്രഖ്യാപിച്ച ഏതെങ്കിലും നമ്പറിലോ ഒറ്റ അക്കത്തിന്റെ അടിസ്ഥാനത്തിലോ സമ്മാനങ്ങൾ നൽകാൻ പാടില്ല. നിരവധി കുടുംബങ്ങളെ നാശമാക്കിയ എഴുത്തു ലോട്ടറിയെ ഇല്ലായ്മ ചെയുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ലോട്ടറി റെഗുലേഷൻ ആക്ട് 1998ന് വിരുദ്ധമായി എഴുത്തു ലോട്ടറി സംഘടിപ്പിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു. കൂടാതെ കേരള പേപ്പർ ലോട്ടറി ടിക്കറ്റുകൾ ഓൺലൈൻ വഴിയും സോഷ്യൽ മീഡിയ ആപ്പുകളായ Whatsapp,Facebook,Telegram മുഖേനം ആക്ട്നും റൂളിനും വിരുദ്ധമായി വിൽക്കുന്നതും ടി പ്ലാറ്റഫോം ഉപയോഗിച്ച് പൊതുജനങ്ങളെ കബളിപ്പിക്കുന്നതും വ്യാപകമാകുകയാണ്. കേരള ലോട്ടറി ഭേദഗതി റൂൾസ് 2011 സബ്റൂൾ 6(2) പ്രകാരം കേരള ലോട്ടറി ടിക്കറ്റുകളുടെ നേരിട്ടുള്ള വിപണനം മാത്രമേ സർക്കാർ അനുവദിച്ചിട്ടുള്ളു. കൂടാതെ G.O. (P) No. 382/2005/TD ഉത്തരവ് പ്രകാരം കംപ്യൂട്ടറൈസ്ഡ്, ഓൺലൈൻ ലോട്ടറി വിപണനം സംസ്ഥാനത്തിനുള്ളിൽ നിരോധിച്ചിട്ടുള്ളതാണ്. കേരള ലോട്ടറി ടിക്കറ്റുകൾ ഓൺലൈൻ വഴിയും സോഷ്യൽ മീഡിയ ആപ്പുകളായ Whatsapp,Facebook,Telegram മുഖേനം മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും വില്പന നടക്കുകയാണെന്ന് റിപ്പോർട്ടുകളുണ്ട്. 2011 ലെ കേരള ലോട്ടറി ഭേദഗതി സബ്റൂൾ 6(4) പ്രകാരം കേരള ലോട്ടറി ടിക്കറ്റുകൾ കേരള സംസ്ഥാനത്തിനുള്ളിൽ മാത്രമേ കച്ചവടം നടത്തുവാൻ അനുവദിച്ചിട്ടുള്ളു. 2011 ലെ കേരള ലോട്ടറി ഭേദഗതി റൂൾസ് സബ്റൂൾ 6(2), 6(4) ലംഘിച്ച് വെബ്സൈറ്റുകളും സോഷ്യൽ മീഡിയകളും ഉപയോഗിച്ച് കേരള ലോട്ടറി ടിക്കറ്റ് വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

കൂടാതെ കേരള ലോട്ടറി ഭേദഗതി റൂൾസ് 2011 സബ്റൂൾ 6(5) പ്രകാരം ഓരോ ഏജന്റും ഓരോ ടിക്കറ്റിന്റെയും മറുഭാഗത്ത് പേര്, ഏജൻസി നമ്പർ എന്നിവയുടെ വിശദാംശങ്ങൾ സഹിതം തന്റെ സീൽ നിർബന്ധമായും പതിപ്പിക്കേണ്ടതാണ്. എഴുത്തു ലോട്ടറി, ഓൺലൈൻ ലോട്ടറി എന്നിവയിലൂടെ പൊതുജനങ്ങൾ വഞ്ചിക്കപെടുന്നതാണെന്നും ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങളെ കുറിച്ച് പൊതുജനങ്ങൾക്ക് പരാതികൾ സമർപ്പിക്കുന്നതിലേക്കായി 1800 425 8474 എന്ന ടോൾഫ്രീ നമ്പറും www.statelottery.kerala.gov.in എന്ന websiteലെ ഗ്രീവൻസ് എന്ന പ്രൊവിഷനും പ്രയോജനപ്പെടുത്താവുന്നതാണ്.

Sd/-

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ